# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## രോഗിയായ കുടുംബാംഗത്തെ ശുശ്രൂഷിക്കുന്നയാളാണ് ഹീറോ: ഫ്രാൻസിസ് പാപ്പാ



കുടുംബങ്ങളിൽ ആരാലും അറിയപ്പെടാതെ നടക്കുന്ന ഹീറോയിസത്തെ പാപ്പാ ഫ്രാൻസിസ് പ്രശംസിച്ചു. കുടുംബത്തിൽ രോഗികളായി കഴിയുന്നവരെ ശുശ്രൂഷിക്കുന്നവരാണ് ശരിക്കുള്ള താരങ്ങൾ എന്ന് പാപ്പാ പറഞ്ഞു.

കുടുംബാംഗങ്ങളെ ശുശ്രൂഷിച്ച് രാത്രിയുറക്കം നഷ്ടപ്പെട്ട് അടുത്ത ദിവസം ജോലിക്കെത്തുന്നവരെ പാപ്പാ വാഴ്ത്തി. ആർദ്രതയോടെയും ധീരതയോടെയും ചെയ്യുന്ന ഈ ധീരകൃത്യം അഭിനന്ദനാർഹമാണെന്ന് പാപ്പാ പറഞ്ഞു. കുടുംബങ്ങൾക്കായി സമർപ്പിതമായിരിക്കുന്ന വേദോപദേശത്തിന്റെ ഏറ്റവും പുതിയ പ്രഭാഷണമാണ് പാപ്പാ നടത്തിയത്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടക്കാനിരിക്കുന്ന കുടുംബാംഗങ്ങളുടെ ലോകസമ്മേളനത്തിന് ഒരുക്കമായാണ് ഈ പ്രഭാഷണങ്ങൾ.

"നമ്മുടെ ബലഹീനത കൂടുതലായി അനുഭവപ്പെടുന്നത് കുടുംബത്തിൽ കുട്ടി കളും പ്രായമായവരും രോഗികളാകുമ്പോഴാണ്. കുടുംബാംഗമായൊരാൾ രോഗിയാകു മ്പോൾ നമുക്ക് കൂടുതൽ ദു:ഖം അനുഭവപ്പെടും. ലോകത്തിന്റെ പല ഭാഗങ്ങളിലും ആവശ്യത്തിന് ആശുപത്രികളില്ല. അത്തരം സന്ദർഭങ്ങളിൽ കുടുംബം തന്നെയാണ് ഏറ്റവും സമീപസ്ഥമായ ആശുപത്രി" പാപ്പാ പറഞ്ഞു.

"രോഗികളെ കണ്ടും പരിചയിച്ചും വളരാൻ നാം കുഞ്ഞുങ്ങളെ അനുവദിക്കണം. മറ്റുള്ളവരുടെ സഹനങ്ങളുടെ നേർക്ക് നിസ്സംഗത അവരിൽ വളരാൻ അനുവദിക്കരുത്. മറിച്ച് മനുഷ്യാവസ്ഥ ശരിക്കു മനസ്സിലാക്കി അപരനെ സഹായിക്കാനുള്ള മനസ്സ് അവർക്ക് ലഭ്യമാക്കണം" പാപ്പാ കൂട്ടിച്ചേർത്തു.